ലോക ബാങ്കിന്റെ സഹായത്തോടെയുള്ള ഭവന നിർമ്മാണ പരിപാടി

*318 [377] ശ്രീ. പി. കെ. കെ. ബാവ
,, എം. പി. എം. ഇസ്‌ഹാക്ക്‌കുരിക്കൾ :
,, സി. ടി. അഹമ്മദ്‌ അലി :
,, കെ. പി. എ. മജീദ്‌ :
,, പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക്‌ റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക ബാങ്കിന്റെ സഹായത്തോടെ നഗരങ്ങളിലും കോർപ്പറേഷനുകളിലും ഭവന നിർമ്മാണ പരിപാടി ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ്‌ എന്ന്‌ വ്യക്തമാക്കാമോ ;

(സി) അവയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ?

റവന്യൂവകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്‌) : (എ, ബി, സി.) ഇപ്രകാരമുള്ള ഒരു ഭവനനിർമ്മാണ പരിപാടി ആവിഷ്‌ക്കരിച്ചിട്ടുണ്ട്‌. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്‌ എന്നീ നഗരങ്ങളിലും സമീപ മുനിസിപ്പാലിറ്റികളിലുമാണ്‌ ഈ പരിപാടി നടപ്പിലാക്കുന്നത്‌. ഈ പദ്ധതിയെപ്പറ്റി ചർച്ചചെയ്യാൻ ലോക ബാങ്കിന്റെ ഒരു സംഘം ആഗസ്റ്റിൽ കേരളത്തിൽ എത്തുന്നതാണ്‌.

ബസ്സുകളിലെ ഫസ്റ്റ്‌ എയ്‌ഡ്‌ ബോക്സ്‌

*319. [378] ശ്രീ. കെ. ജെ. ജോർജ്ജ്‌ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്‌ ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്‌പോർട്ട്‌ കോർപ്പറേഷൻ ബസ്സുകളിൽ എത്ര എണ്ണത്തിൽ പ്രാഥമിക ശുശ്രൂഷ നൽകുന്നതിനുള്ള ഫസ്റ്റ്‌ എയ്‌ഡ്‌ ബോക്സും മരുന്നും ഉണ്ടെന്ന്‌ വ്യക്തമാക്കാമോ ;

(ബി) ബോക്സും ഉണ്ടെങ്കിലും മരുന്നില്ലാത്ത ബസ്സുകളുണ്ടോ ;

(സി) ഇതിന്റെ പേരിൽ വല്ല കേസുകളും കോർപ്പറേഷന്റെ പേരിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര കേസുകളുണ്ടെന്ന്‌ വ്യക്തമാക്കുമോ ;

(ഇ) ബസ്സുകളിൽ ഫസ്റ്റ്‌ എയ്‌ഡ്‌ ബോക്സിൽ മരുന്ന്‌ വയ്‌ക്കുവാൻ കർശന നടപടി സ്വീകരിക്കുമോ ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കോർപ്പറേഷന്റെ പേരിൽ കേസുകളൊന്നും നിലവിലില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly